# മുഹമ്മദ് നബി(സ) ഒരു ലഘുചരിത്രം

Dr. കമാൽ പാഷ M.A. Ph.D

പ്രസാധനം
TRUST OF EDUCATION
POST BOX No: 35
P.O. CHAVAKKAD -680 506, KERALA, INDIA
E-mail : toe@webindia.com
WEBSITE : http://www.toe.org

മനുഷ്യനൊഴിച്ച് മറ്റു ജീവികളെല്ലാം ജന്മവാസനക്കൊത്ത് ജീവിക്കുന്നു. അവ എങ്ങനെ ജീവിക്കണമെന്ന് നേരത്തെ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവക്ക് പ്രകൃത്യാ തന്നെ നിർണ്ണിതമായ ഒരു ജീവിതരീതിയുണ്ട്. അത് ഉപേക്ഷിച്ച് മറ്റൊരു ജീവിതരീതി കണ്ടെത്താനോ സ്വീകരിക്കാനോ അവക്ക് സാധ്യമല്ല. മനുഷ്യന്റെ സ്ഥിതി അതല്ല. അവന്റെ ജീവിതമാർഗ്ഗം അവൻ തന്നെ സ്വന്തം ഇച്ഛാശക്തി ഉപയോഗിച്ചു തിരഞ്ഞെടുക്കേണ്ടതാണ്. അതിനാൽ മനുഷ്യനാണ് ജീവിതത്തിൽ മാർഗ്ഗദർശനം കൂടുതൽ ആവശ്യമായിട്ടുള്ളത്. അവൻ ചിന്താശീലനാണ്. ഓരോ കാര്യം ചെയ്യുമ്പോഴും ഏതാണ് ശരി ഏതാണ് തെറ്റ് എന്നീ ചിന്തകൾ അവന്റെ മുമ്പിലുയരുന്നു. അതേപോലെ, ഈ ജിവിതത്തിന്നു വല്ല അർത്ഥവുമുണ്ടോ, മരണശേഷം ജീവിതമുണ്ടോ, എല്ലാം മരണത്തോടുകൂടി അവസാനിക്കുമോ എന്നീ ചോദ്യങ്ങളും അവനെ അലട്ടുന്നു. അവക്കുള്ള ഉത്തരം പരീക്ഷണനിരീക്ഷണങ്ങൾ നടത്തി കണ്ടുപിടിക്കാനും കഴിയുന്നതല്ല. പ്രപഞ്ചം സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത ദൈവം, മനുഷ്യന്നുവേണ്ടതെല്ലാം പ്രകൃതിയിൽ സജ്ജീകരിച്ച ദൈവം, മനുഷ്യന്റെ സുപ്രധാനമായ ഈ ആവശ്യം - ജീവിതമാർഗ്ഗദർശനം - അവഗണിച്ചിട്ടില്ല. അതുകൊണ്ടാണ് ആദ്യമനുഷ്യനും മാനവകുലത്തിന്റെ പിതാവുമായ ആദം (അ) തന്നെ ഒരു പ്രവാചകനായത്. അതിന്നുശേഷം എപ്പോഴെല്ലാം ധർമ്മം ക്ഷയിക്കുകയും അധർമ്മം വർദ്ധിക്കുകയും ചെയ്തുവോ, അപ്പോഴെല്ലാം മാനവകുലത്തിനു മാർഗ്ഗദർശനം ചെയ്യാൻ പ്രവാചകൻമാർ വന്നതായി നാം ചരിത്രത്തിൽ കാണുന്നു. ഒരു പ്രവാചകൻ വരാത്ത ഒരു സമുദായവും ഇതിന്നുമുമ്പ് കഴിഞ്ഞുപോയിട്ടില്ല എന്നാണ് മുഹമ്മദ് നബി (സ) ഇതിനെക്കുറിച്ച് പറഞ്ഞത്.

ബാബിലോണിയയിൽ നിന്നു ലഭിച്ച ഒരു പുരാതന കൽചിത്രത്തിൽ ഹമുറാബി ദൈവത്തിൽ നിന്നും നിയമഗ്രന്ഥം സ്വീകരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ഇന്ത്യയിലെ വേദങ്ങൾ ദൈവത്തിൽനിന്നും അവതരിച്ചു കിട്ടിയവയാണെന്നു വിശ്വസിക്കപ്പെടുന്നു. വേദങ്ങൾക്ക് അപുരുഷ്യ (മനുഷ്യനിർമ്മിതമല്ലാത്തത്), നിത്യ (എന്നെന്നും നിലനിൽക്കുന്നത്), ശ്രുതി (ദൈവത്തിൽ നിന്നും കേട്ടത്) എന്നീ പേരുകൾ സംസ്കൃതത്തിലുണ്ടെന്നതും ശ്രദ്ധേയമാണ്. ശ്രീബുദ്ധന്റെ പേരുതന്നെ സൂചിപ്പിക്കുന്നത് ബോധനം ലഭിച്ച വ്യക്തി എന്നാണല്ലോ. അങ്ങിനെ എത്രയോ പ്രവാചകൻമാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പല കാലഘട്ടങ്ങളിലായി വന്നു. മോസ്സസ്സും, ക്രിസ്തുവും, മുഹമ്മദുനബിയും അടുത്തകാലത്തായി വന്നവരാണെന്നുമാത്രം. പഴയ ദൈവീകമാർഗ്ഗദർശനങ്ങൾ പുരോഹിതന്മാരുടെ വെട്ടിത്തിരുത്തലുകൾക്കും കൂട്ടിക്കുറക്കലുകൾക്കും വിധേയമായപ്പോഴാണ് പലപ്പോഴും പുതിയ പ്രവാചകൻമാർ വന്നത്. പ്രവാചകപരമ്പരയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദുനബി (സ).

അറേബ്യയിലെ ഒരു പ്രമുഖ കുടുംബമായ ഖുറൈശികളിൽ പെട്ട അബ്ദുൽ മുത്തലിബിന്റെ മകൻ അബ്ദുല്ലായുടെ മകനായി ക്രിസ്ത്വാബ്ദം 571-ൽ മുഹമ്മദുനബി (സ) ജനിച്ചു. ജനനത്തിനുമുമ്പുതന്നെ പിതാവ് മരിച്ചിരുന്നു. പിന്നീട് അദ്ദേഹം അബ്ദുൽ മുത്ത്വലിബിന്റെ സംരക്ഷണത്തിലാണ് വളർന്നത് ബാലനായിരിക്കെതന്നെ അബ്ദുൽമുത്ത്വലിബും മരണമടഞ്ഞു. പിന്നീടദ്ദേഹം പിതൃസഹോദരനായ അബൂത്വാലിബിന്റെ സംരക്ഷണത്തിൽ വളർന്നു.

നിഷ്ക്കളങ്കമായിരുന്നു ആ ബാലന്റെ സ്വഭാവം. ആ ബാലനുമായി ബന്ധപ്പെട്ടവരെല്ലാം ആ ബാലനെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്തു. എപ്പോഴും സത്യത്തിന്നുവേണ്ടി നിലകൊണ്ട ആ ബാലൻ അൽ അമീൻ അഥവാ വിശ്വസ്തൻ എന്ന അപരനാമത്താൽ അറിയപ്പെട്ടു. യുവാവായിരിക്കെ അദ്ദേഹം വ്യാപാരത്തിലേർപ്പെട്ടിരുന്നു. അദ്ദേഹവുമായി കൂട്ടുകച്ചവടം ചെയ്ത ഖൈസ്, അദ്ദേഹത്തേക്കാൾ നല്ല ഒരു കൂട്ടുകാരനെ കച്ചവടത്തിന് തനിക്ക് ലഭിച്ചിട്ടില്ലെന്ന് പ്രസ്താവിക്കുന്നു.

ഖദീജ മക്കയിലെ ഒരു വർത്തക പ്രമുഖയായിരുന്നു. അവർ മുഹമ്മദിന്റെ വിശ്വസ്തതയെക്കുറിച്ചു കേട്ടിരുന്നു. അതുകൊണ്ട് അവർ സിറിയയിൽ വിൽക്കാനുള്ള കുറേ ചരക്കുകൾ അദ്ദേഹത്തെ ഏൽപ്പിച്ചു. അദ്ദേഹം തന്നെ ഏൽപിച്ച കാര്യം ഭംഗിയായി നിർവ്വഹിച്ചു. മുഹമ്മദ് നബി (സ) യുടെ ആത്മാർത്ഥതയും വിശ്വസ്തതയും ഖദീജയിൽ മതിപ്പുളവാക്കി. അതു വിധവയായ അവരെ മുഹമ്മദുമായി വിവാഹാലോചന നടത്താൻ പ്രേരിപ്പിച്ചു. പിതൃവ്യന്റെ അനുഗ്രഹാശിസ്സുകളോടെ മുഹമ്മദും ഖദീജയും തമ്മിലുള്ള വിവാഹം നടന്നു. അവർ ഒരു മാതൃകാദാമ്പത്യജീവിതമാണ് നയിച്ചത്. ഖദീജ എല്ലായ്പ്പോഴും മുഹമ്മദിന് ഒരു തണലായിരുന്നു. വിഷമവേളകളിൽ അവരദ്ദേഹത്തിന്ന് ആശ്വാസമായി. പിൽക്കാലത്ത് മുഹമ്മദുനബി (സ) ഇസ്ലാമിക പ്രബോധനം ആരംഭിച്ചപ്പോൾ ആദ്യമായി വിശ്വസിച്ചതും അവരായിരുന്നു.

അദ്ദേഹം പലപ്പോഴും അടുത്തു തന്നെയുള്ള ഹിറാ ഗുഹയിൽ പോയി ധ്യാനിച്ചിരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്നു നാൽപതു വയസ്സായിക്കഴിഞ്ഞിരുന്നു. ഒരു ദിവസം അദ്ദേഹം പ്രാർത്ഥനാനിരതനായിരിക്കെ ജിബ്രിൽ എന്ന മലക്ക് പ്രത്യക്ഷപ്പെട്ടു അദ്ദേഹത്തെ ആശ്ലേഷിക്കുകയും അനന്തരം ദൈവികാജ്ഞ പ്രകാരം “വായിക്കുക” എന്ന് കൽപിക്കുകയും ചെയ്തു. പ്രവാചകൻ തനിക്കു വായിക്കാനറിയില്ലെന്ന് മറുപടി പറഞ്ഞു. അപ്പോൾ വീണ്ടും “സൃഷ്ടിച്ച നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ ചോരക്കട്ടയിൽ നിന്നുമവൻ സൃഷ്ടിച്ചു. പേനകൊണ്ട് (എഴുത്തു) പഠിപ്പിച്ചിരിക്കുന്ന അത്യുദാരനാണു നിന്റെ രക്ഷിതാവ്. മനുഷ്യനു അറിവില്ലാത്തതു മനുഷ്യനെ അവൻ പഠിപ്പിച്ചു” (ഖുർആൻ 96:1-5) എന്ന് ആജ്ഞാപിക്കപ്പെട്ടു. അതു ദൈവീക സന്ദേശങ്ങളുടെ തുടക്കമായിരുന്നു. പിന്നീട് അതുപോലെയുള്ള ദൈവീകവചനങ്ങൾ പ്രവാചകന്നു പലപ്പോഴായി അവതരിപ്പിക്കപ്പെട്ടു. അവയുടെ സമാഹാരമാണ് ഖുർആൻ. അതു പ്രവാചക വചനങ്ങളല്ല. കലർപ്പില്ലാത്ത ദൈവീക വചനങ്ങൾ തന്നെയാണവ.

ഭയപ്പെട്ടു വിറച്ചുകൊണ്ട് മുഹമ്മദ് വീട്ടിലേക്കോടി മൂടിപ്പുതച്ചു കിടന്നു. അപ്പോൾ വീം ആ ശബ്ദം അദ്ദേഹത്തോടാജ്ഞാപിച്ചു. “ഓ വസ്ത്രം കൊു മൂടിപ്പുതച്ചു കിടക്കുന്നവനേ, എഴുന്നേൽക്കുക. എന്നിട്ട് (ദുഷിച്ച നടപടികളെക്കുറിച്ചു മനുഷ്യർക്കു) താക്കീതു നൽകുക, നിന്റെ രക്ഷിതാവിന്റെ മഹത്വത്തെ പ്രകീർത്തിക്കുക, നിന്റെ വസ്ത്ര

ങ്ങൾ ശുദ്ധീകരിക്കുക, അശുദ്ധിയെ വിട്ട് അകന്നു നിൽക്കുക, ലാഭം നേടാൻ വേണ്ടി ഔദാര്യം ചെയ്യരുത്. നിന്റെ നാഥന്നുവേണ്ടി ക്ഷമ കൈക്കൊള്ളുക, കാഹളത്തിൽ ഊതിക്കഴിഞ്ഞാൽ (ലോകാവസാനം വന്നുകഴിഞ്ഞാൽ) അത്, ആ ദിവസം സത്യനിഷേധികൾക്കു വളരെ ഞെരുക്കമുള്ളതും ലഘുവല്ലാത്തതുമായ ഒരു ദിവസമായിരിക്കും.'' (ഖുർആൻ 74: 1-10)

അങ്ങിനെ മുഹമ്മദുനബി (സ) യെ ജനങ്ങളെ ഉദ്ധരിക്കാനും താക്കീതു നൽകാനും ദൈവം നിയോഗിച്ചു. അദ്ദേഹം പ്രവാചകനായി. പ്രവാചകനായി നിയോഗിക്കപ്പെട്ട ശേഷം അദ്ദേഹം പ്രബോധനം ആരംഭിച്ചു. മുഹമ്മദ് നബി (സ) യുടെ ആത്മാർത്ഥതയിൽ അടുത്തറിയുന്നവർക്കാർക്കും സംശയമുണ്ടായിരുന്നില്ല. ആദ്യമായി ഖദീജ അദ്ദേഹത്തിന്റെ സന്ദേശം സ്വീകരിച്ചു. അധികം താമസിയാതെ അലി, അബൂബക്കർ, ഉസ്മാൻ, അബ്ദുറഹ്മാൻ, സഅ്ദ്, സുബൈർ, തൽഹാ എന്നിവരും ''മുഹമ്മദു നബി (സ) ദൈവത്തിന്റെ ദൂതനും അടിമയുമാണെന്ന്'' വിശ്വസിച്ചു.

പിന്നിടദ്ദേഹത്തിന് പരസ്യമായി മതപ്രബോധനമാരംഭിക്കാൻ നിർദ്ദേശം ലഭിച്ചു. അപ്പോൾ അദ്ദേഹം മക്കക്കു തൊട്ടുള്ള സഫാ എന്ന കുന്നിൽ കയറി നിന്നുകൊണ്ട് ജനങ്ങളെ വിളിച്ചുകൂട്ടി. ഞാൻ, ഈ മലയുടെ അപ്പുറത്ത് നിങ്ങളെ ആക്രമിക്കാൻ ഒരു ശത്രു സൈന്യം തയ്യാറായി നിൽപുണ്ട് എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ലേ? എന്നു ചോദിച്ചു. നിങ്ങൾ കളവു പറഞ്ഞതായി ഞങ്ങൾക്കറിയില്ല അവർ ഉത്തരം പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ നിങ്ങൾക്ക് താക്കീതു നൽകുന്നു. എനിക്ക് ദൈവത്തിൽനിന്നും ഒരു സന്ദേശം ലഭിച്ചിരിക്കുന്നു. ഒരു ഭയാനകമായ ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നവനായാണ് ഞാൻ വന്നിട്ടുള്ളത്. എനിക്ക് ഈ ലോകത്ത് നിങ്ങളെ സംരക്ഷിക്കാൻ കഴിയുകയില്ല. മരണാനന്തര ജീവിതത്തിലും നിങ്ങൾക്ക് സംരക്ഷണം വാഗ്ദത്തം ചെയ്യാൻ എനിക്ക് കഴിയില്ല. യഥാർത്ഥ ദൈവമല്ലാതെ മറ്റു ദൈവങ്ങളില്ല എന്ന് നിങ്ങൾ വിശ്വസിച്ചാലല്ലാതെ ഇതു കേട്ടപ്പോൾ ഇതു പറയാനാണോ നീ ഞങ്ങളെ വിളിച്ചത് എന്നും പറഞ്ഞവർ പിരിഞ്ഞുപോയി.

മുഹമ്മദുനബി (സ) തന്റെ ദൗത്യം തുടർന്നുകൊണ്ടിരുന്നു. പലരും ഇസ്ലാം സ്വീകരിച്ചു. മക്കയിലെ പ്രധാനികൾക്ക് ഇതൊരു തലവേദനയായി. അവർ ഉത്ത്ബത്ത് എന്ന നേതാവിനെ മുഹമ്മദിന്റെ അടുത്തേക്കയച്ചു. ഉത്ത്ബത്ത് മുഹമ്മദുനബി (സ) യെ സമീപിച്ചു പറഞ്ഞു. നിങ്ങൾക്കു ഭരണാധികാരിയാവാനാണ് ആഗ്രഹമെങ്കിൽ നിങ്ങളെ ഞങ്ങൾ ഭരണാധികാരിയാക്കാം. നിങ്ങൾക്കൊരു ധനികനാകാനാണ് ആഗ്രഹമെങ്കിൽ നിങ്ങളെ ഞങ്ങളിൽ വെച്ചേറ്റവും വലിയ ധനികനാക്കാം, ഏതെങ്കിലും സ്ത്രീയെ വിവാഹം കഴിക്കാനാണ് ആഗ്രഹമെങ്കിൽ ഞങ്ങൾ അതും നടത്തിത്തരാം. ഈ പുതിയ പ്രസ്ഥാനം ഉപേക്ഷിച്ചാൽ മാത്രം മതി. അതിനു മറുപടിയായി പ്രവാചകൻ ഈ ഖുർആൻ വാക്യങ്ങൾ ഉദ്ധരിക്കുകയാണ് ചെയ്തത്. ''പറയുക, തീർച്ചയായും ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ദൈവം ഒരേയൊരു ദൈവം മാത്രമാണെന്ന് എന്നിലേക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അവങ്കലേക്ക് നേർവഴി പോകുവിൻ. അവനോടു പങ്കുചേർക്കുന്ന ബഹുദൈവവിശ്വാസികൾക്ക് നാശം.'' (ഖുർആൻ 41:6). മറ്റൊരവസരത്തിൽ പ്രവാചകൻ വ്യക്തമാക്കി. അല്ലാഹുവാണേ, എന്റെ വലംകൈയ്യിൽ സൂര്യനേയും ഇടങ്കയ്യിൽ ചന്ദ്രനേയും വെച്ചു തന്നിട്ട് ഈ പ്രസ്ഥാനമുപേക്ഷിക്കാൻ അവരെന്നോടു ആവശ്യപ്പെട്ടാൽ പോലും ഞാനതു ചെയ്യില്ല. ഒന്നുകിൽ അല്ലാഹു ഈ മതത്തെ വിജയിപ്പിക്കുക. അല്ലെങ്കിൽ ഈ പ്രസ്ഥാനം വിജയിപ്പിക്കാൻ വേണ്ടിയുള്ള

പരിശ്രമ മദ്ധ്യേ ഞാൻ മരണമടയും ഇത് രണ്ടിലൊന്ന് സംഭവിക്കുംവരേക്കും പിന്മാറുന്ന പ്രശ്നമേ ഇല്ല.

മുസ്ലീങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. മുഹമ്മദ് നബി (സ) യുടെ ദൗത്യം സ്വീകരിച്ചവർ, മുസ്ലീംങ്ങൾ അഥവാ ദൈവത്തിന് പൂർണ്ണമായി കീഴ്പ്പെട്ടവർ എന്ന പേരിലാണ് അറിയപ്പെട്ടത്. അവരുടെ മതത്തിന് ദൈവത്തിനുള്ള പൂർണ്ണമായ വിധേയത്വം എന്നർത്ഥമുള്ള 'ഇസ്ലാം' എന്നും പറയുന്നു. മുഹമ്മദീയർ എന്നും മുഹമ്മദു മതം എന്നും പറയുന്നത് തെറ്റാണ്. ആദ്യത്തെ മനുഷ്യനായ ആദം (അ) ഒരു പ്രവാചകനും കൂടിയായിരുന്നു. അദ്ദേഹം മുതൽ അന്ത്യപ്രവാചകനായ മുഹമ്മദ് നബി (സ) വരെ ലക്ഷക്കണക്കിനുള്ള പ്രവാചകൻമാർ പ്രബോധനം ചെയ്ത മത സിദ്ധാന്തങ്ങൾ ഒന്നുതന്നെയായിരുന്നു. അവരെല്ലാം പ്രബോധനം ചെയ്ത മതത്തിന്റെ പേരാണ് ഇസ്ലാം. ഇസ്ലാം മത സ്ഥാപകൻ മുഹമ്മദ് നബി (സ) അല്ല. അദ്ദേഹം അവസാന പ്രവാചകൻ മാത്രമാണ്. പ്രവാചകൻമാർ തമ്മിൽ വ്യത്യാസം കൽപ്പിക്കാതിരിക്കാൻ മുസ്ലീംങ്ങൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. (ഖു. 2:285)

മുസ്ലീങ്ങളുടെ  എണ്ണം വർദ്ധിക്കുന്നത് കണ്ടപ്പോൾ മക്കയിലെ അമുസ്ലീം പ്രധാനികൾക്ക് അരിശം വർദ്ധിച്ചു. അവർ പ്രവാചകനേയും അനുയായികളേയും മർദ്ദിക്കാൻ തുടങ്ങി. പ്രവാചകൻ നടക്കുന്ന വഴിയിൽ മുള്ളുകൾ വിതറി, ചളിയും ചീഞ്ഞ വസ്തുക്കളും അദ്ദേഹത്തിന്റെ മേലെറിഞ്ഞു. മുസ്ലീംകളെ ചുട്ടുപഴുത്ത മണലിൽ മലർത്തിക്കിടത്തി, നെഞ്ചിൽ പാറക്കല്ലുകൾ കയറ്റിവെച്ചു. ചിലരെ ചാട്ടകൊണ്ടടിച്ചു. മർദ്ദനം സഹിക്കവയ്യാതായപ്പോൾ പ്രവാചകൻ തന്റെ ചില അനുയായികളോട് അബ്സീനിയ (എത്യോപ്യ) യിലേക്ക് പാലായനം ചെയ്യാൻ നിർദ്ദേശിച്ചു. അന്ന് എത്യോപ്യയിൽ ഒരു ക്രിസ്ത്യൻ രാജാവായ വെഗസ് (നജ്ജാസി) ആണ് ഭരിച്ചിരുന്നത്. അങ്ങനെ പ്രവാചകദൗത്യത്തിന്റെ 5-ാം വർഷം 11 പുരുഷന്മാരും 4 സ്ത്രീകളും അടങ്ങുന്ന ഒരു സംഘം എത്യോപ്യയിലേക്ക് പാലായനം ചെയ്തു.

മുസ്ലിംകൾ പാലായനം ചെയ്തതറിഞ്ഞ മക്കൻ പ്രധാനികൾ ഒരു ദൗത്യ സംഘത്തെ എത്യോപ്യയിലെ രാജാവിന്റെ അടുക്കലേക്കയച്ചു. അവർ രാജാവിനെ സമീപിച്ച് തങ്ങളിൽ നിന്നും ഓടിപ്പോന്ന അടിമകളാണ് മുസ്ലിംകൾ എന്നും അവരെ തങ്ങൾക്ക് വിട്ടുതരണമെന്നും അപേക്ഷിച്ചു. രാജാവിന്റെ മുന്നിൽ ഹാജരാക്കപ്പെട്ട മുസ്ലിംകൾ ഇങ്ങനെ ബോധിപ്പിച്ചു. "രാജാവേ, ഞങ്ങൾ അജ്ഞതയിലായിരുന്നു. വിഗ്രഹാരാധനയിലും അധർമ്മ ജീവിതത്തിലും മുഴുകി ജീവിക്കുകയായിരുന്നു ഞങ്ങൾ. ഞങ്ങളിൽ ശക്തിയുള്ളവർ ശക്തി കുറഞ്ഞവരെ ദ്രോഹിച്ചു. ഞങ്ങൾ കള്ളം പറയാറുണ്ടായിരുന്നു. അതിഥി മര്യാദ ഞങ്ങൾ പാലിച്ചിരുന്നില്ല. അങ്ങനെയിരിക്കെ, ഞങ്ങളിൽ ഒരു പ്രവാചകൻ വന്നു. ചെറുപ്പം മുതലേ അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ചും ധാർമ്മിക ജീവിതത്തെക്കുറിച്ചും ഞങ്ങൾക്ക് നന്നായറിയാമായിരുന്നു. ഞങ്ങളദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു. എന്നാൽ ഞങ്ങളുടെ നാട്ടുകാർ ഞങ്ങളെ മർദ്ദിക്കുകയും ഞങ്ങളുടെ മതത്തെ ഉപേക്ഷിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു." ഇതു കേട്ടപ്പോൾ രാജാവ് മുസ്ലിംകളുടെ കാര്യത്തിൽ തൽപരനാവുകയും അവർക്ക് ലഭിച്ചുവെന്ന് പറയുന്ന വേദത്തിന്റെ ചില ഭാഗങ്ങൾ കേൾപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. മുസ്ലിംകളിൽപ്പെട്ട ജഅ്ഫർ ഖുർആനിലെ ഒരദ്ധ്യായം വായിച്ചു കേൾപ്പിച്ചു. രാജാവ്, എത്യോപ്യയിൽ താമസിച്ചുകൊള്ളാൻ അവരെ അനുവദിച്ചു. അധികം കഴിയുന്നതിനുമുമ്പ് മറ്റൊരു സംഘം കൂടി എത്യോപ്യയിലേക്ക് പാലായനം ചെയ്തു. ആ സംഘത്തിൽ 101 പേരു

ണ്ടായിരുന്നു. അതിൽ 18 സ്ത്രീകളായിരുന്നു.

മുസ്ലീംകളുടെ അംഗസംഖ്യ അനുദിനം വർദ്ധിച്ചു കൊണ്ടിരുന്നത് മക്കൻ പ്രധാനികളെ അലോസരപ്പെടുത്തി. അവർ ഒന്നായി സമ്മേളിച്ച് പ്രവാചകന്റെ കുടുംബത്തിന്നെതിരിൽ ഉപരോധം ഏർപ്പെടുത്താൻ നിശ്ചയിച്ചു. അവർക്ക് ധാന്യങ്ങളോ, മറ്റവശ്യ സാധനങ്ങളോ നൽകാൻ പാടില്ലെന്ന് തീരുമാനിച്ചു. ഇത് പ്രവാചകന്റെ കുടുംബത്തെ വളരെയധികം വിഷമിപ്പിച്ചു. ഈ അവസ്ഥ ഏതാണ്ട് മൂന്നുകൊല്ലം തുടർന്നു. പ്രവാചക ദൗത്യത്തിന്റെ പത്താം വർഷത്തിൽ അമുസ്ലീംകളിൽപ്പെട്ട ചില ചെറുപ്പക്കാർ തന്നെ മനുഷ്യത്വഹീനമായ ഈ ഉപരോധം പിൻവലിക്കാൻ നേതാക്കൻമാരെ നിർബന്ധിച്ചു. അങ്ങനെ ഉപരോധം നീങ്ങി. അതേവർഷം തന്നെ ഖദീജയും പിതൃവ്യൻ അബുത്വാലിബും അന്തരിച്ചു. മുസ്ലീംകൾക്കെതിരെയുള്ള മർദ്ദനം തുടർന്നുകൊണ്ടിരുന്നു.

അടുത്ത ഒരു നഗരമായ ത്വാഇഫിലെ ജനങ്ങൾ ഇസ്ലാം സ്വീകരിച്ചേക്കുമെന്ന പ്രതീക്ഷയിൽ പ്രവാചകൻ അങ്ങോട്ടുപോയി. എന്നാൽ അവിടെയുള്ള ജനങ്ങൾ അദ്ദേഹത്തെ കൂക്കി വിളിക്കുകയും കല്ലെറിഞ്ഞുകൊണ്ട് ഉപദ്രവിക്കുകയും ചെയ്തു. പ്രവാചകൻ മക്കയിലേക്കുതന്നെ മടങ്ങി.

മക്കയിൽ ഒരു ഉത്സവം നടക്കാറുണ്ടായിരുന്നു. ആ ഉത്സവത്തിന് സമീപപ്രദേശങ്ങളിൽ നിന്ന് ആളുകൾ വരാറുണ്ടായിരുന്നു. അങ്ങനെ വരുന്ന ജനങ്ങളോട് പ്രവാചകൻ ദൈവം ഏകനാണെന്നും, അവനെ മാത്രമേ ആരാധിക്കാവൂ എന്നും മരണാനന്തരം ഈ ലോകത്തെ പ്രവർത്തനങ്ങൾക്കനുസരിച്ച് രക്ഷാ ശിക്ഷകൾ നൽകപ്പെടുമെന്നും ഉപദേശിച്ചുകൊണ്ടിരുന്നു. യസ്രിബിൽ(മദീന) നിന്നും വന്ന ചിലർ പ്രവാചകന്റെ സംഭാഷണത്തിൽ ആകൃഷ്ടരാകുകയും തങ്ങളിനി ദൈവത്തിന്റെ അധികാരാവകാശങ്ങളിൽ ആരെയും പങ്കു ചേർക്കുകയില്ലെന്നും, തങ്ങളിനി വ്യഭിചരിക്കുകയോ, കളവുനടത്തുകയോ, കുഞ്ഞുങ്ങളെ കൊല്ലുകയോ, പരദൂഷണം പറയുകയോ, കള്ളവാർത്തകൾ പ്രചരിപ്പിക്കുകയോ ചെയ്യുകയില്ലെന്നും, സുഖദുഃഖങ്ങളിലെല്ലാം പ്രവാചകനെ അനുസരിച്ച് കൊണ്ട് ജീവിക്കുമെന്നും പ്രതിജ്ഞ ചെയ്തു. അവർ പന്ത്രണ്ട് പേർ ഉണ്ടായിരുന്നു.

ഈ കാലഘട്ടത്തിൽ ഒരു രാത്രിയിൽ അല്ലാഹു പ്രവാചകനെ തന്റെ സന്നിധാനത്തിലേക്കുയർത്തി. ഇതിനെ ഇസ്ലാമിന്റെ സാങ്കേതിക ഭാഷയിൽ മിഅ്റാജ് എന്നു പറയുന്നു. ഈ അവസരത്തിലാണ് മുസ്ലീകൾ ദിനംപ്രതി അഞ്ചുപ്രാവശ്യം നമസ്കരിക്കണമെന്ന് അല്ലാഹു ആജ്ഞാപിച്ചത്.

അടുത്തകൊല്ലം യസ്രിബിൽനിന്നും എഴുപത്തിമൂന്നുപേർ ഉത്സവവേളയിൽ മക്കയിൽ വരികയും ദൈവത്തെയും പ്രവാചകനേയും അനുസരിച്ച് ജീവിക്കാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു. അവർ പ്രവാചകനെ തങ്ങളുടെ പട്ടണത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു.

ഇസ്ലാമിന്റെ സ്വാധീനം വർദ്ധിക്കുന്നതുകണ്ട് വിറളി പൂണ്ട മക്കൻ നേതാക്കൾ മർദ്ദനത്തിന് രൂക്ഷത വർദ്ധിപ്പിക്കുകയും പ്രവാചകനെ വധിക്കാൻ പരിപാടിയിടുകയും ചെയ്തു. മർദ്ദനം സഹിക്കവയ്യാതായപ്പോൾ പ്രവാചകൻ തന്റെ അനുയായികളോട് യസ്രിബിലേക്ക് പാലായനം ചെയ്യാൻ നിർദ്ദേശിച്ചു. പ്രവാചകനെ വധിക്കുവാൻ മക്കൻ പ്രധാനികൾ പരിപാടിയിട്ട് വീടുവളഞ്ഞ ദിവസം രാത്രി ദൈവീക കൽപ്പനപ്രകാരം പ്രവാചകൻ തന്റ ശയ്യയിൽ പിതൃവ്യപുത്രനും ഇസ്ലാമിക പ്രവർത്തകനുമായ അലിയോടു കിട

ക്കാൻ നിർദ്ദേശിച്ച ശേഷം തന്റെ സന്തതസഹചാരിയായ അബൂബക്കറോടൊപ്പം യസ്രിബിലേക്ക് യാത്ര തിരിച്ചു. പകൽ സമയത്ത് സൗർ എന്ന ഗുഹയിൽ അവർ അഭയം തേടി. പ്രവാചകൻ രക്ഷപ്പെട്ടു എന്നറിഞ്ഞു മക്കയിലെ പ്രധാനികൾ പ്രവാചകനെത്തേടി പല ഭാഗത്തേക്കും ആൾക്കാരെ പറഞ്ഞയച്ചു. അവരിലൊരു സംഘം പ്രവാചകനും അബൂബക്കറും ഒളിച്ചിരിക്കുന്ന ഗുഹാമുഖത്തെത്തിപ്പെട്ടു. അതുകണ്ടു അബൂബക്കർ ഭയന്നു. പ്രവാചകൻ അദ്ദേഹത്തെ സാന്ത്വനപ്പെടുത്തി. "ഭയപ്പെടേണ്ട, ദൈവം നമ്മുടെ കൂടെയുണ്ട്" ഖുറൈശി പ്രമുഖർ പ്രവാചകനെ കാണാതെ തിരിച്ചുപോയി. അവർ രണ്ടുപേരും യസ്രിബിലേക്ക് യാത്ര തുടർന്നു.

യസ്രിബിൽ പ്രവാചകന് ഹാർദ്ദവമായ സ്വീകരണമാണ് ലഭിച്ചത്. നബി (സ) യസ്രിബിലെത്തിയതോടെ ഇസ്ലാമിക സമൂഹത്തിന് ഒരു നവീന രൂപം കൈവന്നു. ഒരു മാതൃകാരാഷ്ട്രം കെട്ടിപ്പടുക്കുകയാണ് നബി (സ) അവിടെ ചെയ്തത്. ഒരു നിയമഗ്രന്ഥവും ഒരു നേതൃത്വവും ഒരു ദൈവത്തിലുള്ള വിശ്വാസവും നൽകിക്കൊണ്ട് മുസ്ലീംകളെ അദ്ദേഹം ഏകീകരിച്ചു. മദീനാവാസികൾക്ക് ഒരു പുതുനാമം അദ്ദേഹം നൽകി. അൻസാറുകൾ അഥവാ സഹായികൾ. മക്കയിൽ നിന്ന് വന്നവർ മഹാജിറുകൾ അഥവാ അഭയാർത്ഥികൾ എന്ന പേരിലറിയപ്പെട്ടു. സത്യവിശ്വാസികൾ സഹോദരൻമാരാണ് എന്ന ഖുർആൻ വാക്യം ഉദ്ധരിച്ചുകൊണ്ട് പ്രവാചകൻ അൻസാറുകളെയും മുഹാജിറുകളെയും ഒന്നിപ്പിച്ചു. അൻസാറുകളും മുഹാജിറുകളും തമ്മിലുള്ള സ്നേഹബന്ധം സഹോദരൻമാർ തമ്മിലുള്ളതിനേക്കാൾ സുദൃഢമായിരുന്നു. കാരണം അത് അല്ലാഹുവിന്നു വേണ്ടിയുള്ള സ്നേഹമായിരുന്നു. അൻസാറുകൾ അഭയാർത്ഥികളെ തങ്ങളുടെ വീടുകളിലെ അംഗങ്ങളായി സ്വീകരിക്കുകയും അവർക്കുവേണ്ടി സഹായസഹകരണങ്ങൾ ചെയ്യുകയും ചെയ്തു. പല മദീന നിവാസികളും തങ്ങളുടെ സ്വത്തിൽ പകുതി മക്കയിൽനിന്നു വന്നവർക്കു കൊടുത്തു. അവരുടെ കൃഷിയിലും കച്ചവടത്തിലും മൂഹാജിറുകളെ പങ്കാളികളാക്കി. മുഹാജിറുകളും അൻസാറുകളും ഇഴുകിച്ചേർന്നുകൊണ്ടുള്ള സുഖദുഃഖങ്ങൾ പങ്കിട്ടെടുത്തുകൊണ്ടുള്ള ആ ജീവിതം ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. ഇതിനെക്കുറിച്ച് ഖുർആൻ പറയുന്നു. "(മക്കയിൽ നിന്ന് ഹിജ്റ പോയവർക്ക്) വീടും സത്യവിശ്വാസവും, അവർ എത്തും മുമ്പുതന്നെ ഒരുക്കിവെച്ചവരാവട്ടെ, അവരുടെ അടുക്കലേക്ക് സ്വദേശം വെടിഞ്ഞുചെല്ലുന്നവരെ സ്നേഹിക്കുന്നു. ഹിജ്റ പോയവർക്ക് ലഭിക്കുന്ന ധനത്തെ സംബന്ധിച്ചു മനസ്സിൽ യാതൊരാഗ്രവും അവർക്ക് തോന്നിയിരുന്നുമില്ല. (മാത്രമല്ല) അവർക്ക് സാമ്പത്തിക ക്ലേശമുണ്ടെങ്കിൽ പോലും തങ്ങളേക്കാൾ (മുഹാജിറുകൾക്ക്) അവർ മുൻഗണന കൽപിക്കുന്നു. മനസ്സിന്റെ പിശുക്കിൽനിന്നും അത്യാഗ്രഹത്തിൽനിന്നും വല്ലവരും സുരക്ഷിതരായാൽ അവർ തന്നെയാണ് വിജയികൾ" (ഖുർആൻ 59 : 9)

മദീനയിൽ എത്തിയശേഷം പ്രവാചകൻ ആദ്യമായി ചെയ്തത് ഒരു കേന്ദ്രം നിർമ്മിക്കുക എന്നതായിരുന്നു. അദ്ദേഹം മദീനയിൽ ഒരു പള്ളി സ്ഥാപിച്ചു. അതു തന്നെയായിരുന്നു പുതിയ ഇസ്ലാമിക രാഷ്ട്രത്തിന്റെ കേന്ദ്രവും. ഇസ്ലാമിക രാഷ്ട്രത്തിന്റെ സെക്രട്ടറിയേറ്റും കോടതിയും അഭയാർത്ഥികളുടെ കേന്ദ്രവും എല്ലാം അതു തന്നെയായിരുന്നു. കേന്ദ്രം സ്ഥാപിച്ചശേഷം അതിന്റെ ഭദ്രത പ്രവാചകൻ ഉറപ്പുവരുത്തി. ആഭ്യന്തര സമാധാനവും രാജ്യരക്ഷയും ഉറപ്പുവരുത്തുന്ന ഒരു ഉടമ്പടി പ്രവാചകനുണ്ടാക്കി. മുസ്ലിംകളും അമുസ്ലിംകളുമായ മദീനയിലും മദീനക്കു ചുറ്റുമുള്ള എല്ലാ ഗോത്രങ്ങൾക്കിടയിലും സമാധാനപരമായ സഹവർത്തിത്വം നേടിയെടുക്കുക എന്നതായിരുന്നു ഉടമ്പടിയുടെ ലക്ഷ്യം. തുല്യമായ അവകാശങ്ങളുടെയും ബാധ്യതകളുടെയും അടിസ്ഥാനത്തിലുള്ള ആ ഉടമ്പടിയിൽ ജൂത ഗോത്രങ്ങളും അമുസ്ലിം ഗോത്രങ്ങളും ഒപ്പുവെക്കാൻ ഔൽസുക്യം

കാണിച്ചു. ഭരണാധികാരി ഭരണീയർക്ക് കൊടുത്ത എഴുതപ്പെട്ട ഭരണഘടന എന്ന നിലക്ക് രാഷ്ട്രതന്ത്രജ്ഞൻമാർ ഇതിന് പ്രാധാന്യം കൽപിക്കുന്നു. വില്യംമൂർ എഴുതുന്നു. ഈ ഉടമ്പടി അദ്ദേഹത്തിൽ ഉൾകൊണ്ട മഹത്വം വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ കാല ഘട്ടത്തിലെ മാത്രമല്ല, എല്ലാ യുഗങ്ങളിലെയും ഒരു മഹാത്മാവായിരുന്നു അദ്ദേഹം. നജ്റാനിലെ ക്രിസ്ത്യാനികളും പ്രവാചകനുമായി ഉടമ്പടിയിലേർപ്പെട്ടു.

മദീനയിൽ രൂപംകൊണ്ടത് പ്രവാചകന്റെ നേതൃത്വത്തിലുള്ള ഒരാദർശ രാഷ്ട്രമായിരുന്നു. ദൈവേതരങ്ങളായ എല്ലാ അടിമത്തച്ചങ്ങലകളിൽനിന്നും മനുഷ്യനെ മോചിപ്പിച്ച് ഇസ്ലാം വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി കൈവരുത്തുക എന്നതായിരുന്നു ആ രാഷ്ട്രത്തിന്റെ ലക്ഷ്യം. ഖുർആൻ മനുഷ്യജീവതത്തിന് മതരംഗത്തെന്നപോലെ രാഷ്ട്രീയരംഗത്തും മാർഗ്ഗദർശനം നൽകുന്നുണ്ട്. ഖുർആന്റെ തത്വങ്ങളിലധിഷ്ഠിതമായിരുന്നു പുതിയ ഭരണകൂടം. യഥാർത്ഥത്തിൽ പരമാധികാരിയും നിയമനിർമ്മാതാവും ദൈവമാണെന്നും അവന്റെ നിയമങ്ങൾ അനുസരിച്ച് ജീവിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണെന്നും പ്രവാചകൻ പഠിപ്പിച്ചു. ഖുർആനിക നിയമത്തിന്നു മുമ്പിൽ എല്ലാവരും സമന്മാരായിരുന്നു. പ്രവാചകനടക്കം വർഗ്ഗ വർണ്ണ വ്യത്യാസങ്ങളൊന്നും ഇസ്ലാമിക ഭരണം അംഗീകരിക്കുന്നില്ല. സാധാരണക്കാർക്കും ഭരണത്തെ വിമർശിക്കാമായിരുന്നു. കൂടിയാലോചിച്ചാണ് പ്രവാചകൻ ഭരണം നടത്തിയിരുന്നത്. അങ്ങിനെ ചെയ്യണമെന്ന് ഖുർആനിന്റെ നിർദ്ദേശമുണ്ടായിരുന്നു. സിവിൽ ക്രിമിനൽ നിയമങ്ങളും ഖുർആൻ നൽകിയിരുന്നു. ഇസ്ലാമിക വീക്ഷണത്തിൽ സ്വത്ത് സമൂഹത്തിൽ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കണം. അത്കൊണ്ട് 'സക്കാത്ത്' എന്ന പേരിൽ പണമായുള്ള സ്വത്തിന്റെ 2½% ഉം കാർഷിക വരുമാനത്തിന്റെ 10% ഉം ദരിദ്രവിഭാഗങ്ങളിൽ മാത്രം ഓരോ വർഷവും വിതരണം ചെയ്യപ്പെട്ടു. അതിനെ ദരിദ്രരുടെ അവകാശം എന്നാണ് ഖുർആൻ വിശേഷിപ്പിച്ചത്. അത്പോലെ തൊഴിൽരഹിതർക്കും ദരിദ്രർക്കും പൊതുഖജനാവിൽ അവകാശമുണ്ടെന്നും അവരുടെ സംരക്ഷണം ഗവൺമെന്റിന്റെ ബാദ്ധ്യതയാണെന്നും ഭരണകൂടം അംഗീകരിച്ചിരുന്നു. കുറഞ്ഞ കാലത്തെ ഇസ്ലാമിക ഭരണം കൊണ്ടുതന്നെ സക്കാത്തു (നിർബന്ധദാനം) വാങ്ങാൻ ആളുകളില്ലാത്ത അവസ്ഥ ഇസ്ലാമിക ലോകത്ത് സംജാതമായി. മുതലാളിത്തത്തിന്റെ അടിസ്ഥാന ഘടകമായ പലിശയെ ഇസ്ലാം നിരോധിക്കുകയും ചെയ്തു. പുതുതായി മുസ്ലിംകളാവുന്നവരുടെ ജീവിതം ക്രമപ്പെടുത്തുന്നതിൽ പ്രവാചകൻ ശ്രദ്ധിച്ചു. ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങളെക്കുറിച്ചു പ്രവാചകൻ ഇങ്ങിനെ പറഞ്ഞു. ഇസ്ലാം ആകുന്ന സൗധത്തെ അടിയുറപ്പിച്ചിരിക്കുന്നത് അഞ്ച് തൂണിന്മേലാണ്. (1) അല്ലാഹു അല്ലാതെ ഒരു ദൈവമില്ലെന്നും മുഹമ്മദ്നബി (സ) അവന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക. എന്നാൽ ദൈവത്തിന്റെ അധികാരവകാശങ്ങൾ ആർക്കും നൽകാൻ പാടില്ലെന്നാണർത്ഥം. ഖുർആൻ പറയുന്നു. "ഓ നബീ മനുഷ്യരോടു പറയുക. (ആരുടെ തൃപ്തി ലക്ഷ്യം വെച്ചുകൊണ്ട് ഞങ്ങൾ ജീവിക്കുന്നുവോ) അവൻ, അല്ലാഹു, ഏകനാണ്. (സർവ്വചരാചരങ്ങൾക്കും) അഭയം നൽകുന്നവനും, ആരുടെയും ആശ്രയം ആവശ്യമില്ലാത്തവനുമായി നിലകൊള്ളുന്നവൻ അല്ലാഹു മാത്രമാകുന്നു. അവന് സന്താനം ജനിച്ചിട്ടില്ല. അവൻ ആരുടേയും സന്താനവുമല്ല. (ചുരുക്കത്തിൽ) അവന്നു തുല്യമായി ആരുംതന്നെ ഇല്ല." (ഖു. 112 : 1-4)

മുഹമ്മദ്നബി (സ) ദൈവദൂതനും ദാസനുമാണെന്ന് സാക്ഷ്യം വഹിക്കുക എന്നതുകൊണ്ട് ഉദ്ദേശം മുഹമ്മദുനബി (സ) കാണിച്ചു തന്ന രീതിയിൽ ജീവിക്കുക എന്നതാണ്. പ്രവാചകൻ പറഞ്ഞ കാര്യങ്ങളിൽ വിശ്വസിക്കുകയും വേണം. പ്രവാചകൻ, ലോകത്തിനൊരന്ത്യമുണ്ടെന്നും അതിനുശേഷം ഈ ലോകജീവിതത്തെക്കുറിച്ച് ദൈവം

കണക്കു ചോദിക്കുമെന്നും ദൈവത്തെ അറിഞ്ഞ് അനുസരിച്ചവർക്ക് സ്വർഗ്ഗവും, ധിക്കരിച്ചവർക്ക് കഠിനമായ നരകവും ലഭിക്കുമെന്നും പറഞ്ഞതു വിശ്വസിക്കുകയും വേണം. (2) അഞ്ചുപ്രാവശ്യം നമസ്കരിക്കുക. (3) നിർബന്ധദാനം (4) റമളാൻ മാസം മുഴുവൻ വ്രതമനുഷ്ഠിക്കുക. (5) കഴിവുള്ളവർ മക്കയിൽ പോയി ഹജ്ജ് നിർവഹിക്കുക. മുഹമ്മദുനബി(സ) താൻ ഒരു മനുഷ്യൻ മാത്രമാണെന്നും പ്രവാചകനും മനുഷ്യനുമായ യേശുവിനു ദൈവീകത്വം കൽപ്പിച്ച പോലെ തനിക്കാരും ദൈവീകത്വം കൽപ്പിക്കരുതെന്നും തറപ്പിച്ചു പറഞ്ഞിരുന്നു.

പുതുതായി രൂപം കൊണ്ട ഇസ്ലാമിക സമൂഹത്തെയും രാഷ്ട്രത്തെയും നിലനിൽക്കാൻ മക്കൻ പ്രധാനികൾ അനുവദിക്കുകയില്ല എന്ന് വ്യക്തമായിരുന്നു. അവർക്ക് മുഹമ്മദിനഭയം നൽകിയ യസ്രിബ് (മദീന) നിവാസികളോട് കടുത്ത അമർഷം ഉണ്ടായിരുന്നു. അവർ ഇടക്കിടക്ക് മദീന നിവാസികളെ ശല്യപ്പെടുത്തികൊണ്ടിരുന്നു. ആയിടെ സിറിയയിൽനിന്നും മടങ്ങുന്ന ഒരു അറേബ്യൻ കച്ചവടസംഘത്തെ മുഹമ്മദും കൂട്ടുകാരും ആക്രമിക്കാൻ പരിപാടിയിട്ടിട്ടുണ്ട് എന്നൊരു വാർത്ത മക്കയിൽ പരന്നു. അങ്ങിനെയുണ്ടെങ്കിൽ അതു തടയാനും മദീനക്കാരെ ഒരു പാഠം പഠിപ്പിക്കാനും മക്കൻ നിവാസികൾ ഒരുങ്ങി. അവർ 1000 ആയുധധാരികളെ ഒരുക്കി വമ്പിച്ച സന്നാഹങ്ങളോടെ മദീനയുടെ ഭാഗത്തേക്കു തിരിച്ചു. ആ വാർത്ത അറിഞ്ഞ പ്രവാചകൻ മദീനയിൽ വെച്ചുള്ള ഒരു സംഘട്ടനം ഒഴിവാക്കാൻ മദീനക്കു പുറത്തേക്കു വന്നു. അദ്ദേഹത്തിന്റെ കൂടെ 313 പേരെ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിനു വെറും 2 കുതിരകളും 70 ഒട്ടകങ്ങളുമാണുണ്ടായിരുന്നത്. സാധാരണഗതിയിൽ മുസ്ലിങ്ങൾ പരാജയപ്പെടുമെന്ന് തീർച്ചയായിരുന്നു. എന്നാൽ എല്ലാം ദൈവത്തിലർപ്പിച്ച് രണാങ്കണത്തിലിറങ്ങിയ മുസ്ലീംകൾ വിജയിച്ചു. തടവുകാരായി പിടിച്ചവരെ മോചന മൂല്യം വാങ്ങി വിട്ടയച്ചു. മോചനമൂല്യം നൽകാൻ കഴിയാത്തവർക്ക് മദീനയിലെ 10 പേരെ എഴുത്തും വായനയും പഠിപ്പിക്കുക എന്ന മോചനമൂല്യം നിശ്ചയിച്ചു. ദൈവസഹായംകൊണ്ടാണ് ബദറിൽ ജയിച്ചതെന്ന് മുസ്ലീംകൾ വിശ്വസിച്ചു. സത്യവും അസത്യവും തമ്മിലുള്ള സമരത്തിൽ അംഗസംഖ്യ ഒരു പ്രശ്നമല്ല എന്ന് ഒരിക്കൽ കൂടി ചരിത്രം തെളിയിച്ചു. ബദറിനു ശേഷവും മക്കൻ പ്രധാനികൾ മദീനയെ ആക്രമിച്ചു കീഴടക്കാൻ പലതവണ ശ്രമിച്ചെങ്കിലും അവർ വിജയിച്ചില്ല.

പ്രവാചകൻ മദീനയിലെത്തിയതിന്റെ 6-ാം വർഷം തീർത്ഥാടനത്തിനു മക്കയിലെ ദേവാലയത്തിലേക്ക് പുറപ്പെട്ടു. യുദ്ധം നിഷിദ്ധമാണെന്ന് അറബികൾ വിശ്വസിക്കുന്ന മാസത്തിലായിരുന്നു സംഭവം. പ്രവാചകനു യുദ്ധം ചെയ്യാനുള്ള പരിപാടി ഇല്ല എന്നറിഞ്ഞിട്ടും പ്രവാചകനെ മക്കയിലേക്കു പ്രവേശിക്കാൻ സമ്മതിച്ചില്ല. ദൂതൻമാർ പരസ്പരം ബന്ധപ്പെട്ടതിന്റെ ഫലമായി അവസാനം ഒരു സന്ധിയുണ്ടാക്കി. സന്ധി പ്രഥമദൃഷ്ട്യാ മുസ്ലിംകൾക്കു അനുകൂലമല്ലായിരുന്നു. പ്രവാചകൻ വിട്ടുവീഴ്ച ചെയ്യുകയാണ് ചെയ്തത്. മുസ്ലിംകൾ ആ കൊല്ലം ദേവാലയം സന്ദർശിക്കാതെ മടങ്ങണമെന്നും അടുത്ത കൊല്ലം സന്ദർശിക്കാമെന്നും മക്കക്കാരിൽ ആരെങ്കിലും നേതാക്കന്മാരുടെ സമ്മതം കൂടാതെ മദീനയിൽ വന്നാൽ അവരെ തിരിച്ചയക്കണമെന്നും മദീനയിൽ നിന്നും ആരെങ്കിലും മക്കയിൽ വന്നാൽ തിരിച്ചയക്കില്ല എന്നുമായിരുന്നു ഉടമ്പടിയിലെ പ്രധാന നിബന്ധനകൾ. അടുത്ത 10 വർഷത്തേക്ക് പരസ്പരം യുദ്ധം ചെയ്യുകയില്ലെന്നും ഹുദൈബിയ സന്ധി എന്ന പേരിലറിയപ്പെടുന്ന ഈ ഉടമ്പടിയിലുണ്ടായിരുന്നു.

ഹുദൈബിയ സന്ധിക്കു ശേഷം ലഭിച്ച സമാധാനാന്തരീക്ഷത്തിൽ പ്രവാചകൻ പേർഷ്യാ, റോം, ഈജിപ്ത്, സിറിയ, യമൻ തുടങ്ങിയ രാജ്യങ്ങളിലെ രാജാക്കൻമാർക്ക്

ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകളയച്ചു. ചിലർ അതു സ്വീകരിച്ചു.

ഹിജ്റ 8-ാം വർഷം മക്കയിലെ ഖുറൈശികൾ ഹുദൈബിയ ഉടമ്പടി ലംഘിച്ചു. പ്രവാചകന്റെ കൂട്ടത്തിലുള്ള ബനൂഖുസ്സ ഗോത്രത്തെ ആക്രമിച്ചു. അപ്പോൾ പ്രവാചകൻ മക്കയിലെ പ്രധാനികളോട് ബനുഖുസ്സ ഗോത്രത്തിന് നഷ്ടപരിഹാരം നൽകാനോ അല്ലെങ്കിൽ ഹുദൈബിയാ ഉടമ്പടി റദ്ദ് ചെയ്യാനോ ആവശ്യപ്പെട്ടു. മക്കയിലെ പ്രധാനികൾ രണ്ടാമത്തെ മാർഗ്ഗമാണ് സ്വീകരിച്ചത്. അപ്പോൾ പ്രവാചകൻ പതിനായിരം അനുയായികളോടുകൂടി മക്കയിലേക്ക് തിരിച്ചു. അപ്പോഴും മുസ്ലീംകൾ ഒരു ശക്തിയല്ല എന്ന ധാരണയാണ് മക്കക്കാർക്ക് ഉണ്ടായിരുന്നത്. നബിയും അനുയായികളും മക്കക്കു സമീപം താവളമടിച്ച വേളയിൽ അവരെ രഹസ്യമാക്കി നിരീക്ഷിക്കാൻ ചെന്ന മക്കൻ നേതാവായ അബൂസുഫ്യാൻ മുസ്ലിം യോദ്ധാക്കളുടെ കൈകളിലകപ്പെട്ടു. അവരദ്ദേഹത്തോട് മാന്യമായി പെരുമാറുകയും അദ്ദേഹത്തെ വിട്ടയക്കുകയും ചെയ്തു. നബിയുടെ സ്വഭാവമഹിമക് ആകൃഷ്ടനായ അബൂസുഫ്യൻ ഇസ്ലാം സ്വീകരിച്ചു.

നബിയും സഹചരന്മാരും മക്കയിൽ പ്രവേശിച്ചപ്പോൾ അവരെ എതിർക്കാനാരുമുണ്ടായില്ല. അദ്ദേഹത്തെയും അനുചരന്മാരേയും ക്രൂരമായി മർദ്ദിക്കുകയും ജന്മനാട്ടിൽ നിന്നും പുറത്താക്കുകയും ചെയ്ത ആ പട്ടണനിവാസികൾ പ്രവാചകൻ എന്തുചെയ്യുമെന്നറിയാതെ അദ്ദേഹത്തിനു മുമ്പിൽ ആകാംക്ഷയോടും ഭീതിയോടും കൂടെ നിന്നു. അപ്പോൾ അവരെ അഭിസംബോധന ചെയ്തുകൊണ്ട് പ്രവാചകൻ പറഞ്ഞു. "യൂസഫ് നബി (അ) തന്റെ സഹോദരൻമാരോട് പറഞ്ഞതുപോലെ ഇന്ന് ഞാനും ഇതാ നിങ്ങളോട് പറയുന്നു. ഇന്നു നിങ്ങളുടെ പേരിൽ കുറ്റമൊന്നുമില്ല. നിങ്ങൾ സ്വതന്ത്രരാണ്."

മക്കാ വിജയത്തോടുകൂടി പ്രവാചകൻ അറേബ്യായിലെ അനിഷേധ്യഭരണാധികാരിയായി. മക്കയിലെ ദേവാലയമായ കഅ്ബ സന്ദർശിച്ച ശേഷം അദ്ദേഹം തനിക്കഭയം നൽകിയ മദീനയിലേക്കു തന്നെ തിരിച്ചു പോകുകയാണ് ചെയ്തത്.

ഹിജ്റ 10-ാം വർഷം പ്രവാചകൻ മക്കയിലേക്ക് വീണ്ടും തീർത്ഥാടനത്തിന് പോയി. ആ ഹജ്ജ് വേളയിൽ ഒരു ലക്ഷത്തോളം വരുന്ന അനുയായികളെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞ വാക്കുകൾ ശ്രദ്ധേയങ്ങളാണ്.

"മനുഷ്യരേ! എന്റെ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുക. ഇക്കൊല്ലത്തിനുശേഷം ഈ സ്ഥലത്തുവെച്ച് നിങ്ങളെ കാണാൻ സാധിക്കുമോ ഇല്ലയോ എന്നെനിക്കറിവില്ല. മനുഷ്യരേ, നിങ്ങളുടെ ഈ നാട്ടിനും ഈ മാസത്തിനും ഈ ദിനത്തിനും ഏതുപ്രകാരം നിങ്ങൾ ആദരവ് കൽപ്പിക്കുന്നുവോ, അതേ പ്രകാരം നിങ്ങളുടെ നാഥനുമായി കണ്ടുമുട്ടും വരേക്കും അഭിമാനവും ധനവും പരസ്പരം കയ്യേറുന്നത് നിങ്ങൾക്കിതാ നിഷിദ്ധമാക്കിയിരിക്കുന്നു. ഓർത്തിരിക്കുക. നിങ്ങൾ പിഴച്ച് പരസ്പരം കഴുത്തുവെട്ടാൻ മുതിരരുത്. നിങ്ങളുടെ നാഥനുമായി നിങ്ങൾ കണ്ടുമുട്ടും. അപ്പോൾ നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവൻ നിങ്ങളെ ചോദ്യം ചെയ്യും. അജ്ഞാതകാലത്ത് നടന്ന ജീവനാശങ്ങൾക്കുള്ള എല്ലാ പ്രതികാരനടപടികളെയും ഞാനിതാ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു. മനുഷ്യരേ, നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളെല്ലാവരുടെയും പിതാവും ഏകൻ തന്നെ. നിങ്ങളെല്ലാവരും ആദമിൽ നിന്നും ജനിച്ചു. ആദം മണ്ണിൽനിന്നും. നിങ്ങളിൽ വെച്ച് ജീവിതത്തിൽ കൂടുതൽ സൂക്ഷ്മതയുള്ളവനാരോ അവനത്രെ അല്ലാഹുവിങ്കൽ ഏറ്റവും മാന്യൻ. അറബിക്ക് അനറബിയേക്കാളോ, അനറബിക്ക് അറബിയേക്കാളോ

യാതൊരു ശ്രേഷ്ടതയുമില്ല. ശ്രേഷ്ടതക്കടിസ്ഥാനം ജീവിതത്തിലുള്ള സൂക്ഷ്മതയ ത്രേ. നിങ്ങൾ ഖുർആൻ അടിസ്ഥാനമാക്കിക്കൊണ്ട് ജീവിക്കുന്ന കാലമത്രയും നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥമത്രെ അത്. ജനങ്ങളെ! സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. തന്റെ സഹോദരന്റെ സംതൃപ്തിയോടുകൂടിയല്ലാതെ അവന്റെ ധനം കരസ്ഥമാക്കുവാൻ ഒരാൾക്കും പാടില്ല. അജ്ഞാതകാലത്തെ പലിശ ഇട പാടുകളെല്ലാം ഞാനിതാ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു. ആ ഇനത്തിൽ ഒന്നാമതായി ഞാൻ ദുർബ്ബലപ്പെടുത്തുന്നത് എന്റെ പിതൃവ്യൻ അബ്ബാസിന് കിട്ടാനുള്ള പലിശയാണ്.

മനുഷ്യരേ! നിങ്ങളോട് നിങ്ങളുടെ പത്നിമാർക്കുള്ള പോലെ തന്നെ, നിങ്ങൾക്ക് അവരോടും ചില ബാദ്ധ്യതകൾ ഉണ്ട്. നിങ്ങൾ സ്ത്രീകളോട് നല്ല നിലക്ക് പെരുമാറി ക്കൊള്ളുക. അള്ളാഹുവിന്റെ ഒരമാനത്തെന്ന നിലക്കാണ് അവരെ നിങ്ങൾ ഏറ്റെടുത്തി രിക്കുന്നത്. നിങ്ങളുടെ ഭൃത്യരെ ശ്രദ്ധിക്കുക. നിങ്ങൾ ഭക്ഷിക്കുന്നത് തന്നെ അവർക്കും ഭക്ഷിക്കാൻ കൊടുക്കുക. മനുഷ്യരേ, എനിക്ക് ശേഷം ഒരു നബിയും വരാനില്ല. അതു കൊണ്ട് ശ്രദ്ധയോടെ കേൾക്കുക. നിങ്ങളുടെ നാഥന്റെ പരുശുദ്ധഹറമിൽ വന്ന് ഹജ്ജ് ചെയ്യുക. നിങ്ങളുടെ മേലാധികാരികളെ അനുസരിക്കുക. അപ്പോൾ നിങ്ങളുടെ നാഥന്റെ സ്വർഗ്ഗത്തിൽ പ്രവേശിക്കാം.'' പ്രസംഗത്തിന്റെ അവസാനത്തിൽ ആ വമ്പിച്ച ജനസമൂ ഹത്തെ അഭിമുഖീകരിച്ചുകൊണ്ട് അവിടുന്ന് ചോദിച്ചു. ''നിങ്ങളോട് ദൈവസന്നിധി യിൽ വെച്ച് എന്നെക്കുറിച്ച് ചോദിക്കപ്പെടും. അപ്പോൾ എന്താണ് നിങ്ങൾ പറയുക?.'' ജനസമൂഹം ഒരേ സ്വരത്തിൽ മറുപടി നൽകി. ''അങ്ങുന്ന് അല്ലാഹുവിന്റെ സന്ദേശം ഞങ്ങളെ അറിയിക്കുകയും അങ്ങയുടെ എല്ലാ ബാധ്യതകളും നിറവേറ്റുകയും ചെയ്തി ട്ടുണ്ട് എന്ന് ഞങ്ങൾ മറുപടി നൽകും.'' അന്നേരം ആകാശത്തേക്ക് കണ്ണും കൈയ്യും ഉയർത്തികൊണ്ട് അവിടുന്ന് പ്രാർത്ഥിച്ചു. ''അല്ലാഹുവേ നീ സാക്ഷ്യം വഹിക്കേണമേ! അല്ലാഹുവേ നീ സാക്ഷ്യം വഹിക്കേണമേ!'' ഇങ്ങനെ മൂന്നുപ്രാവശ്യം ആവർത്തിച്ച് പ്രാർത്ഥിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു.

ഈ സമയത്ത് അല്ലാഹുവിൽനിന്നും മാനവകുലത്തിനുള്ള അനുഗ്രഹമായ ഇസ്ലാ മിനെ പൂർത്തീകരിച്ചതായി അറിയിക്കുന്ന ദൈവീക സന്ദേശം അവതരിച്ചു. '' ഈ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്കു ഞാൻ പൂർത്തീകരിച്ചു തരികയും എന്റെ അനുഗ്രഹത്തെ നിങ്ങളിൽ പൂർണ്ണമാക്കുകയും ചെയ്തിരിക്കുന്നു. ഇസ്ലാമിനെ നിങ്ങളുടെ മതമായി ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.'' (ഖുർഢആൻ 15:4). ഇതോടുകൂടി പ്രവാചകത്വം പൂർത്തിയായി. ആധുനികകാലത്ത് മാർഗ്ഗദർശക ഗ്രന്ഥമായി ഖുർആൻ നിലനിൽക്കു ന്നു. അത് അല്ലാഹു തന്നെ സംരക്ഷിക്കുമെന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ട്. ഇനി യൊരു പ്രവാചകനോ വേദഗ്രന്ഥമോ വരാനില്ല. ലോകാവസാനം വരേക്കുള്ള മാർഗ്ഗ ദർശകഗ്രന്ഥമാണ് ഖുർആൻ.

വിടവാങ്ങൽ പ്രസംഗത്തിന് ശേഷം 3 മാസമേ നബി (സ) ജീവിച്ചുള്ളു. ഹി. 12-ാം വർഷം റബി ഉൽ അവ്വൽ 12-ാം തിയ്യതി തിങ്കളാഴ്ച പ്രവാചകൻ അന്തരിച്ചു. അദ്ദേഹ ത്തിന്റെ മാർഗ്ഗദർശനം അനുസരിച്ച് ജീവിക്കാനും അങ്ങിനെ ജീവിത വിജയം നേടുവാനും പരലോകത്ത് അദ്ദേഹത്തോടൊപ്പം ജീവിക്കാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

****************